"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് പരിശോധനാറിപ്പോർട്ട്- കോഴിക്കോട് നഗരസഭാ ഓഫീസിലെ ക്രമക്കേടുകളിൽ അന്വേഷണം നടത്തുന്നത്- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1868/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2021

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 13.03.2020തീയതിയിലെ ഇ13(എസ്.സി.69/19/എൻആർകെ) 1446/2020 നമ്പർ കത്ത്
2. 20.01.2021 തീയതിയിലെ സ.ഉ(സാധാ) നം.156/2021/തസ്വഭവ.

**ഉത്തരവ്**

സംസ്ഥാനത്തെ തദേശ സ്വയം ഭരണ വകുപ്പിനു കീഴിലുള്ള നഗരസഭകളിൽ കെട്ടിട നിർമാണത്തിനായി അനുമതി നൽകുന്നതിലും ,പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചു നല്കുന്നതിലും വ്യാപക അഴിമതി നടക്കുന്നുവെന്ന ആരോപണം സംബന്ധിച്ച് കോഴിക്കോട് നഗരസഭാ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനയിൽ, കോഴിക്കോട് നഗരസഭാ പരിധിയിൽ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിലും ക്രമക്കേടുകൾ കണ്ടെത്തിയത് പ്രകാരം ഉത്തരവാദികളായ ഉദ്ധ്യോഗസ്ഥരുടെയും മറ്റു ഇടപെടലുകൾ വ്യക്തമായി കണ്ടു പിടിക്കുന്നതിനുമായി വിശദമായ ഒരു പ്രാഥമികാന്വേഷണം നടത്തുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കോഴിക്കോട് നഗരസഭാ ഓഫീസിലെ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15.ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ